(ബി) ചികിത്സയ്ക്കുവേണ്ടി ആശുപത്രികളിൽ പോകുന്ന വഴിക്ക് അനേകം ഹൃദ്രോഗികൾ മരണപ്പെടുന്നതായ സംഭവങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ ആശുപത്രികളിൽ പോകാൻ കഴിവില്ലാത്ത ഇത്തരം പാവപ്പെട്ടവരും ഇടത്തരക്കാരുമായ കുടുംബങ്ങളിലെ രോഗികളെ ഉദ്ദേശിച്ചുകൊണ്ട് താലൂക്ക് ആശുപത്രികളിൽ ഹൃദ്രോഗ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഹൃദ്രോഗ ചികിത്സയ്ക്കുള്ള എല്ലാ പ്രത്യേക സൗകര്യങ്ങളും ഉണ്ട്.

(ബി) ആശുപത്രികളിൽ എത്തുന്നതിന് മുമ്പ് ചില ഹൃദ്രോഗികൾ മരണപ്പെടുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(സി) സർക്കാരിന്റെ സാമ്പത്തിക നിലയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ലഭ്യതയും അനുസരിച്ച് ഹൃദ്രോഗ ചികിത്സയ്ക്കുള്ള നടപടികൾ ജില്ലാ, താലൂക്ക് ആശുപത്രികളിൽ ഭാവിയിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

സാംക്രമിക രോഗവ്യാപന പ്രതിരോധ നടപടി

105 [825] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം വിവിധ പകർച്ചവ്യാധികൾ ബാധിച്ച് എത്ര പേർ മരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏറ്റവും കൂടുതൽ മരണമുണ്ടായ താലൂക്ക്/ജില്ല എന്നിവ ഏതാണെന്ന് അറിയിക്കാമോ;

(സി) സാർസ് രോഗം കേരളത്തിൽ ഉള്ളതായി സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) സാംക്രമിക രോഗവ്യാപനത്തിനെതിരെ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഇ) രോഗബാധിതരായി മരിച്ചവരുടെ കുടുംബങ്ങൾക്ക് എത്ര തുക നഷ്ടപരിഹാരം നൽകിയിട്ടുണ്ട്?

ഉത്തരം

(എ) 301 പേർ.

(ബി) ഡെങ്കിപ്പനി—തിരുവനന്തപുരം ജില്ല, എലിപ്പനി—കോട്ടയം ജില്ല.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) (1) കൊതുക് ജന്യമായ രോഗങ്ങൾ (ഡെങ്കിപ്പനി, മലമ്പനി, ജപ്പാൻ ജ്വരം) നിയന്ത്രണത്തിനായി എല്ലാ ജില്ലകളിലും വെക്ടർ പഠനം നടത്തി പ്രശ്ന പ്രദേശങ്ങൾ കണ്ടെത്തി അവിടെ കൊതുകു നിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിവരുന്നു.

(2) പരിസരശുചിത്വം പാലിക്കുവാൻ എല്ലാ വിഭാഗം ജനങ്ങളെയും ബോധവൽക്കരിച്ചുവരുന്നു.

(3) ആവശ്യമായ മരുന്നുകൾ, ഫോഗിംഗ് മെഷീൻ, സ്പ്രേയർ മുതലായവ വാങ്ങിക്കുവാൻ നടപടിയെടുത്തു.

(4) രോഗപ്രതിരോധ കിറ്റുകളും ചികിത്സാ സൗകര്യങ്ങളും സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(5) കൊതുകുജന്യ രോഗങ്ങളുടെ നിയന്ത്രണത്തിനും തടയലിനും വേണ്ടി സംസ്ഥാനമൊട്ടാകെ ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(6) ജലജന്യ രോഗങ്ങൾ തടയുന്നതിനുവേണ്ടി ബോധവൽക്കരണ പരിപാടികൾ വിവിധ മേഖലകളുടെ സഹായത്തോടുകൂടി നടത്തിവരുന്നു. ഒ. ആർ. എസ്സും മറ്റു ചികിത്സാ സംവിധാനങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും സജ്ജീകരിച്ചിട്ടുണ്ട്.

(7) എലിപ്പനി നിയന്ത്രണത്തിനുവേണ്ടി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചിട്ടുള്ള പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരികയാണ്.

(ഇ) നഷ്ടപരിഹാരം ആർക്കും നൽകിയിട്ടില്ല.

ഡോക്ടർമാർക്ക് ദീർഘകാല അവധി അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ

106 [826] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡോക്ടർമാർക്ക് ദീർഘകാല അവധി അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം അവധികൾക്ക് മിനിമം സർവ്വീസ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിനിമം സർവ്വീസ് കണക്കാക്കാതെ ആർക്കെങ്കിലും ദീർഘകാല അവധികൾ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ആർക്കൊക്കെയാണെന്നും എപ്പോഴാണെന്നും വ്യക്തമാക്കാമോ; ഇങ്ങനെ അനുവദിക്കുന്നതിനുള്ള കാരണം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly